# വാഴക്കുല, പുത്തൻകലം, അരിവാൾ

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ

കേരള ഗ്രാമങ്ങൾക്ക് സുപരിചിതമായ വസ്തുക്കളാണ് 'വാഴക്കുല'യും 'പുത്തൻകലവും അരിവാളും'. പണ്ടുമുതൽക്കേ കാഴ്ചവസ്തുക്കളിൽ പ്രധാനമാണ് വാഴക്കുല. കേരളീയന്റെ ഭൗതിക സാഹചര്യങ്ങളുമായി ഇത്രയും ഇണങ്ങിച്ചേർന്ന ഒരു സസ്യം വേറെയില്ല. പുത്തൻകലം ഒരു സ്വപ്നത്തിന്റെ സാക്ഷാത്കാരമാണ്. അരിവാൾ ജീവനോപാധിയായ ഒരായുധവും. അടിയാള വർഗത്തിന്റെ മോഹവും മോഹഭംഗങ്ങളും ക്ളേശവും ദൈന്യതകളും എത്ര തീക്ഷ്ണവും സങ്കീർണവുമാണെന്ന് അറിയിക്കാൻ നമ്മുടെ രണ്ടു കവികൾ ഇവയെ വളരെ സമർഥമായി കവിതയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കാൽപ്പനികതയുടെ തിരച്ചാർത്തു സൃഷ്ടിച്ച ചങ്ങമ്പുഴ എഴുതിയ 'വാഴക്കുല'യും, ഗ്രാമീണജീവിതത്തിന്റെ പൊള്ളുന്ന യാഥാർഥ്യങ്ങളിൽ മേയ്ക്കാൻവിട്ട ഇടശ്ശേരി എഴുതിയ 'പുത്തൻകലവും അരിവാളും' അടിയാളജീവിതത്തെ എങ്ങനെ അനുഭവമാക്കിയിരിക്കുന്നുവെന്നും പരിശോധിക്കുകയാണ് ലേഖന ലക്ഷ്യം.

19-09-1937-ലാണ് ചങ്ങമ്പുഴ 'വാഴക്കുല' എഴുതിയത്. സാഹിത്യപ്രമേയങ്ങൾ സാധാരണക്കാരിലേക്ക് ഇറങ്ങിവരുന്നതിന്റെ സൂചനകൾ മലയാളത്തിൽ സജീവമായിത്തുടങ്ങുന്ന കാലത്ത് ഒട്ടൊരാവേശത്തോടെ എഴുതിയത്. ഉള്ളിൽത്തൊട്ടെഴുതിയ ഒരു കാവ്യമാണതെന്നതിൽ പക്ഷാന്തരമില്ല. നാലാളു കേട്ടാൽ മനസ്സിലാകുന്ന ഭാഷയിലും ശൈലിയിലും അധ്വാനിക്കുന്നവന്റെ പ്രാരാബ്ധങ്ങളിലൊന്നിനെയാണ് കവി 'വാഴക്കുല'യിൽ ആവിഷ്കരിച്ചിരിക്കുന്നത്. മലയപ്പുലയൻ തന്റെ മാടത്തിന്റെ മുററത്ത് മഴവന്നനാളിൽ ഒരു വാഴ നട്ടു. അഴകിപ്പുലക്കള്ളി തന്റെ അരുമക്കിടാങ്ങളിലൊന്നായിക്കണ്ട് അതിനേയും ഓമനിച്ചു. ആ വാഴയെ ചുററിപ്പററി ഒരുപാടു സ്വപ്നങ്ങൾ ആ പുലയമാടം നെയ്തുകൂട്ടി. വാഴയ്ക്കു കൂമ്പു വന്നപ്പോൾ പുലയന്റെ മാടത്തിൽ ഉത്സവം തിരതല്ലി. കുലവെട്ടി പഴുപ്പിച്ച് കുട്ടികൾക്കു നൽകണമെന്ന് പുലയനും പുലക്കള്ളിയും നിശ്ചയിച്ചു. അങ്ങനെ നോററുനോററിരുന്ന് വാഴക്കുല മൂത്ത് പാകംവന്നു. ഒന്നു രണ്ടു ദിവസത്തിനകം കുല വെട്ടണം. പക്ഷേ, സംഭവിച്ചത് മറെറാന്നായിരുന്നു. വാഴക്കുല തന്റെ വീട്ടിലെത്തിക്കാൻ ജന്മി കൽപ്പിച്ചു. അവശനും ആർത്തനുമായ പുലയന് അനുസരിക്കാനേ നിർവാഹമുണ്ടായിരുന്നുള്ളൂ.

ഇതിവൃത്തം വളരെ ലളിതമാണ്. പക്ഷേ, അതുണർത്തുന്ന സാമൂഹിക പ്രശ്നം തീക്ഷ്ണമായ ദയാശൂന്യതയാണ്. കവിതയിലൂടെ ഈ ഭാവത്തെ തൊട്ടുണർത്താൻ കവിക്കു സാധിച്ചു; അനുഭവപ്പെടുത്താൻ കഴിഞ്ഞില്ല. കവിയുടെ ആത്മാർഥതയില്ലായ്മ കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് പറഞ്ഞുകൂടാ. കവിയെ പരാജയപ്പെടുത്തിയത് അദ്ദേഹത്തിന്റെ കാവ്യശൈലി തന്നെയാണ്. ജീവിതത്തിന്റെ പരുക്കൻ യാഥാർഥ്യങ്ങളെ ആവിഷ്കരിക്കാൻ ചങ്ങമ്പുഴ ശൈലി പര്യാപ്തമല്ല. മനസ്സിന്റെ ലോലഭാവങ്ങളെ അനുഭൂതി സാന്ദ്രമാക്കുംവിധം ചിത്രീകരിക്കാൻ ആവുന്ന കാവ്യഭാഷ തീക്ഷ്ണവികാര സന്ദർഭങ്ങളിൽ ദുർബലമായിത്തീരുന്നു. വാഴക്കുല നീട്ടിപ്പാടാൻ പററിയ കവിതയാണ്. സംഗീതാത്മകതയും ശിൽപ്പഭംഗിയും ഒക്കെയുണ്ട്. വിഷയം കാലികപ്രാധാനവും ജീവിതഗന്ധിയുമാണ്. നിഷേധവും പ്രതിഷേധവും സങ്കടവും മോഹവും കൂടിക്കുഴഞ്ഞ് ഉണ്ടായ ഒരു മാനസികഘടനയുടെ ഉടമയായിരുന്ന ചങ്ങമ്പുഴക്കു വാഴക്കുലയിലെ ജീവിതപ്രശ്നത്തെ സമൂഹചേതസ്സിൽ പ്രകമ്പനം സൃഷ്ടിക്കുംവിധം ചിത്രീകരിക്കാനായില്ല.

അടിയാളന്റെ അധ്വാനത്തെ ചൂഷണം ചെയ്യുന്ന സാമൂഹിക വ്യവസ്ഥയെ കാവ്യേതിവൃത്തമായി സ്വീകരിച്ച ചങ്ങമ്പുഴ ഉൾപ്പതിഷ്ണുവാണെന്ന കാര്യത്തിൽ സംശയമില്ല. ആ ഉൽപ്പതിഷ്ണുത്വം കാൽപ്പനികതയുടെ മററു ദൗർബല്യങ്ങളുടെമേൽ തട്ടിമുട്ടി ശക്തിശൂന്യമായി പരിണമിക്കുന്ന കാഴ്ച ദയനീയമാണ്. എടുത്തടിച്ചു നിൽക്കുന്ന പ്രസ്താവനകൾ ഒഴിവാക്കി 'വാഴക്കുല' വായിച്ചു നോക്കൂ; ഒരു സുന്ദരഭാവഗീതം തന്നെ.

1948 ഒക്ടോബർ 15-നു പ്രസിദ്ധീകരിച്ച കവിതയാണ് 'പുത്തൻകലവും അരിവാളും' വാഴക്കുല സ്വാതന്ത്ര്യപൂർവ നാളുകളുടെ ദൈന്യതയിൽ പിറന്ന കാവ്യമാണെങ്കിൽ സ്വാതന്ത്ര്യാനന്തര

കാലത്തും ജന്മിത്വത്തിന്റെ കരാളഹസ്തങ്ങളിൽനിന്ന് കർഷകൻ മോചിതനായിട്ടില്ലെന്ന യാഥാർത്ഥ്യത്തെ പരസ്യപ്പെടുത്തുന്ന കവിതയാണ് 'പുത്തൻ കലവും അരിവാളും'. ചങ്ങമ്പുഴയും ഇടശ്ശേരിയും പരിചയപ്പെടുത്തുന്നത് ജന്മിത്വത്തിന്റെ നിഷ്ഠുരമുഖമാണ്! 'നിരുപാധികോഗ്രനിയമഭാര'മാണ് 'വാഴക്കുല'യിലെയും 'പുത്തൻകലവും അരിവാളി'ലെയും ദുരന്തഹേതു. ഇടശ്ശേരി ചങ്ങമ്പുഴയോളം നാഗരികനല്ല. കോടതിയും കർഷകനും ജന്മിയും അദ്ദേഹത്തിന് പരിചിതമാണ്. വിളജപ്തിയുടെ ക്രൂരത നേരിട്ട് അറിഞ്ഞിട്ടുള്ള ആളാണ്. 'പുത്തൻകലവും അരിവാളും' വിളജപ്തിയുടെ ക്രൂരതയെ അനാവരണം ചെയ്യുന്നു. പച്ചയായ യാഥാർത്ഥ്യങ്ങളിലാണ് ആ കവിതയുടെ ജീവൻ കുടികൊള്ളുന്നത്. വാഴക്കുലയിലെ പ്രമേയത്തിന് അതിഭാവുകത്വമുണ്ട്. അടിമത്തം സൃഷ്ടിച്ച തികഞ്ഞ വിധേയത്വമാണ് മലയപ്പുലയനിലെ വ്യക്തിത്വവിശേഷം. പുത്തൻകലവും അരിവാളും ഉയർത്തിക്കാണിക്കുന്ന കോമൻ അടിമയല്ല, അയാൾ നിസ്സഹായനാകുന്നത് നിയമത്തിന്റെ മുന്നിലാണ്. വാഴക്കുലയിൽ വിളവെടുപ്പ് ജന്മിക്കുവേണ്ടി അടിയാളൻ നടത്തുന്നു. സ്വന്തമായി കൃഷിചെയ്തുണ്ടാക്കിയ വാഴക്കുലയായിട്ടുപോലും പുലയന് അതിന്മേൽ അവകാശമില്ല. വിധേയത്വമാണ് ഇവിടുത്തെ അടിസ്ഥാനപ്രശ്നം. മലയപ്പുലയനെ ആ വിധത്തിലേ ചങ്ങമ്പുഴയ്ക്കു കാണാൻ സാധിക്കൂ. കാരണം ചങ്ങമ്പുഴ എക്കാലവും ആദർശലോകത്തെയാണല്ലോ സ്വപ്നം കണ്ടിരുന്നത്.

മസൃണമനോഹരമായി എഴുതാനും പറയാനുമൊന്നും ഇടശ്ശേരിക്ക് വശമില്ല. ഏതെങ്കിലും തത്വസംഹിതകളോട് അടങ്ങാത്ത വിധേയത്വവുമില്ല. ജീവിതത്തിന്റെ പരുഷയാഥാർത്ഥ്യങ്ങളിലാണ് ആ തൂലികയ്ക്ക് വിളയാട്ടമുള്ളത്. സമകാലിക ജീവിതത്തെ കവിതയ്ക്കു വിഷയമാക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഈ പക്ഷപാതം അദ്ദേഹത്തെ കമ്മ്യൂണിസ്റ്റും കോൺഗ്രസ്സും ഗാന്ധിയനും ആക്കിയിട്ടുണ്ട്. ശാക്തേയനായ ആസ്തിക്യബുദ്ധിയായും ഇടശ്ശേരിയെ കണ്ടവരുണ്ട്. ഇതിലെല്ലാം നിർലീനമായിക്കിടക്കുന്ന ഒരു വ്യക്തിത്വമുണ്ട്. അതാണ് ഗ്രാമീണപൗരുഷം. ഇടശ്ശേരിയുടെ ഏതു കവിതയുടെയും പ്രാണവായു ഇപ്പറഞ്ഞ പൗരുഷമാണ്. ആ പൗരുഷം ചങ്ങമ്പുഴക്കവിതയ്ക്ക് അന്യമാണ്. അതേ, ഏറെ സമാനതകളുള്ള ഇതിവൃത്തം പേറുന്ന 'വാഴക്കുല'യും 'പുത്തൻകലവും അരിവാളും' വേറിട്ടുനിൽക്കുന്ന സാഹിതീയയത്നങ്ങളാണ്. ഗ്രാമീണപൗരുഷത്തിന്റെ പേരിൽത്തന്നെ.

### ശിൽപ്പഘടന വാഴക്കുലയിൽ

'വാഴക്കുല' എന്ന കവിത ഒന്ന് രണ്ട് എന്നിങ്ങനെ തിരിച്ചല്ല എഴുതിയിട്ടുള്ളതെങ്കിലും ഖണ്ഡങ്ങളായി തിരിക്കാൻ പാകത്തിലാണ് ആഖ്യാനകർമ്മം; ഇതിവൃത്ത ഘടനയ്ക്കനുരോധമായി കവി തന്നെ ഖണ്ഡങ്ങളാക്കി തിരിച്ചാണ് കവിത എഴുതിയിട്ടുള്ളത്. ഒന്നാം ഖണ്ഡത്തിൽ ആദ്യത്തെ മൂന്ന് ഖണ്ഡികകൾ ഉൾപ്പെടുത്താം.

മലയപ്പുലയൻ മാടത്തിന്റെ മുററത്ത് മഴ വന്നനാളിൽ ഒരു വാഴ നട്ടു. അതുമെല്ലെ വളർന്നു. തന്റെ കിടാങ്ങളിലൊന്നായി ആ വാഴയെയും അഴകിപ്പുലക്കള്ളി ഓമനിച്ചു. കാലം കടന്നുപോകുന്നത് വാഴയ്ക്കുള്ള ശുശ്രൂഷയുടെ വിവരണത്തോടെ.

തുടർന്നു വരുന്ന 'അവശന്മാരാർത്തന്മാരാലംബഹീനന്മാർ' എന്ന വരി മുതൽ 'അനുകമ്പനീയവുമായിരുന്നു' എന്ന വരി വരെയുള്ള മൂന്ന് ഖണ്ഡികകളെ രണ്ടാം ഖണ്ഡമായി കണക്കാക്കാം. ഇതിൽ ആദ്യത്തെ ഖണ്ഡികയ്ക്ക് കാവ്യധാരയുമായി പ്രത്യേകിച്ചു ബന്ധമൊന്നുമില്ല. കർഷകത്തൊഴിലാളികളായ അടിമവർഗത്തിന്റെ അവശതയും ആലംബഹിനത്വവും വിവരിക്കുന്നു. അവരുടെ പട്ടിണി ഏതുകാലത്തു തീരും? ദുരിതങ്ങളെങ്ങൊടുങ്ങാൻ.

'പറയുന്നു മാതേവൻ' മുതൽ കവിത വീണ്ടും തളിർത്തു തുടങ്ങുന്നു. മാതേവൻ, തേവൻ, നീലി, കരുവള്ളോൻ എന്നിവരുടെ സംഭാഷണം യഥാതഥമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. വാഴക്കുലയെ ചുററിപ്പററിയുള്ള അവരുടെ മോഹങ്ങളാണ് വാഴക്കുലയിലെ ഏററവും ഹൃദ്യമായ ഭാഗം.

വാഴ കുലച്ചതും പുലക്കുടിലിൽ ആഹ്ലാദം അലതല്ലിയതും പ്രസ്താവിക്കുന്ന കാവ്യഭാഗങ്ങൾ മൂന്നാം ഖണ്ഡമായി പരിഗണിക്കാം. 'ഒരു ദിനംവാഴ കുലച്ചതു കാരണം' എന്നവരിയിൽ തുടങ്ങി 'അവരുടെ തൊണ്ടനനയ്ക്കുവാനുള്ളതെന്തയലത്തെ മേട്ടിലെത്തോട്ടുവെള്ളം' വരെയുള്ള ഭാഗങ്ങൾ. വാഴ കുലച്ചപ്പോൾ കുട്ടികളുടെ ഭാവമാററം കണ്ടിട്ട് അഴകിക്കും ചിത്തം നിറഞ്ഞുപോയി. കുലമൂത്തു വെട്ടിപ്പഴുപ്പിച്ചെടുക്കാൻ മലയനും തിടുക്കമായി. തുടർന്ന് ചങ്ങമ്പുഴ മല

യപ്പുലയന്റെ ജീവിതക്ലേശങ്ങളാണ് വർണിച്ചിട്ടുള്ളത്.'

വാഴക്കുല തന്റെ വീട്ടിലെത്തിക്കാൻ ജന്മി പുലയനോട് കൽപ്പിച്ചു, അനുസരിക്കുകയേ നിർവാഹമുള്ളൂ. വാഴക്കുല മുറിക്കുന്നതിന്റെ പൂർവരംഗം സജ്ജീകരിക്കുന്നതിനായി ജന്മിത്വത്തെ നോക്കി കവി അനീതികളെക്കുറിച്ച് സംസാരിക്കുന്നു. നാലാം ഖണ്ഡം മുഴുവൻ കവിയുടെ അമർഷ പ്രകടനമാണ്. 'കനിവററ ലോകമേനീ നിന്റെ ഭാവനാ കനകവിമാനത്തിൽ സഞ്ചരിക്കൂ' മുതൽ 'പവിഴപ്പൂങ്കാവിലലഞ്ഞുകൊള്ളു' വരെ ഈ ഭാഗം നീളുന്നു.

'മലയനാവാഴയെ സ്പർശിച്ച മാത്രയിൽ
മനതാരിൽ നിന്നൊരിടിമുഴങ്ങി'
ഇവിടെ തുടങ്ങി ഏഴ് ഖണ്ഡികകൾ ചേർന്ന്
'കുല തോളിലേന്തി പ്രതിമയെപ്പോലവൻ
കുറെ നേരമങ്ങനെ നിന്നുപോയി-'

വരെയുള്ള കാവ്യഭാഗങ്ങൾ അഞ്ചാം ഖണ്ഡമായി കണക്കാക്കാം. കവിയുടെ ഇടപെടൽ ഈ ഭാഗത്തില്ല.

ഒന്നുമറിയാതെ അമിത സന്തുഷ്ടിയാൽ കുട്ടികൾ അച്ഛന്റെ ചുററും തുള്ളിക്കളിച്ചു. കുട്ടികളുടെ മിന്നി വിടർന്ന കണ്ണുകളിൽ നോക്കാൻ പുലയനു കഴിഞ്ഞില്ല. അവന്റെ അന്തരംഗം തകർന്നു. കുലവെട്ടാൻ കത്തിയുയർത്തിയ കൈകൾ വാടിത്തളർന്നുപോയി. കരുവള്ളോർ നീലിക്കൊരുമ്മ കൊടുത്തു. അവളുടെ അധരത്തിൽനിന്ന് അവിടെങ്ങും മുല്ലപ്പൂക്കൾ ഉതിർന്നു. മലയന്റെ കണ്ണിൽ നിന്ന് കണ്ണീർ കണങ്ങൾ ഇററിററു വീണു. വൃക്ഷങ്ങൾ ഇളകാതെ നിന്നു. മാതേവൻ കേളന്റെ തോളത്തു തട്ടി താളം പിടിച്ചു. കേളന്റെ കടമിഴികളിൽ പ്രകാശം പരന്നു.

മലയന്റെ കണ്ണിൽ ഇരുട്ടുകയറി. കാലുകൾ ഇടറി. മലയന്റെ സങ്കടം അഴകിയിലേക്കും തിരയടിച്ചുകയറി. അവൾ മാടത്തിനുള്ളിൽ ഏങ്ങലടിച്ചു കരഞ്ഞു. ഒരു വിധത്തിൽ കുലവെട്ടി. ശൈശവോല്ലാസത്തിന്റെ കഴുത്തുവെട്ടി. മലയന്റെ കുട്ടികൾ ആർത്തുവിളിച്ചു. അവർ പരമസന്തുഷ്ടരാണ്. കുല പഴുപ്പിച്ച് തിന്നാമല്ലോ. കുല തോളിലേന്തി പ്രതിമപോലെ അവൻ നിന്നു. ഒരു വെറും പ്രേതം കണക്കെ മലയന്റെ മുഖം വിളർത്തുപോയി.

തുടർന്നുവരുന്ന ഭാഗത്തിൽ കവിയുടെ അമർഷവും ക്രോധവുമാണ് വീണ്ടും ആവിഷ്കരിക്കുന്നത്. 'ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ പതിതരേ നിങ്ങൾതൻ പിൻമുറക്കാർ?' എന്നു പറഞ്ഞ് സമാധാനിക്കുന്നു.

**പുത്തൻകലവും അരിവാളും - ശിൽപ്പഘടന**

ഏഴു ഖണ്ഡങ്ങളായിട്ടാണ് 'പുത്തൻകലവും അരിവാളും' എന്ന കവിതയിലെ പ്രമേയം ഇടശ്ശേരി സംവിധാനം ചെയ്തിരിക്കുന്നത്. ഒന്നാം ഖണ്ഡം അന്വേഷണത്തോടെ ആരംഭിക്കുന്നു-

'ആരേ പോയ പുകിൽക്കി,പ്പാട-
ത്തരിമയോടാരിയൻ വിത്തിട്ടു?' തുടർന്ന്

'കോമനുഴുതു മറിച്ചു പാടം
കോമൻ വിതച്ചു പൊന്നാര്യൻ'

എന്ന വസ്തുനിർദേശത്തിലെത്തുന്നു. കള പറിക്കാൻ പെണ്ണുങ്ങളെത്തിയെന്ന പരാമർശത്തോടെ ഒന്നാം ഖണ്ഡം അവസാനിക്കുന്നു. ജിജ്ഞാസാജന്യമായ തുടക്കം കൊണ്ടുണ്ടായ ഒരു മെച്ചം പരാമർശിക്കാൻ പോകുന്ന ജീവിതരംഗത്തിന്റെ ഭൂമികയായ പാടത്ത് മുൻപും കൃഷിയിറക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്രാവശ്യത്തെ കൃഷി നന്നായിരിക്കുന്നു. അത് ആരാണ് ഏറെറടുത്ത് നടത്തിയത് എന്ന അന്വേഷണത്തിലൂടെ ആ പാടത്തെ ഇപ്പോഴത്തെ കൃഷിയുടെ മേന്മ വെളിവാക്കപ്പെടുന്നു എന്നതാണ്.

രണ്ടാം ഖണ്ഡം കളപറിക്കലിനെപ്പററി പുല്ലേററത്തിന്റെ ഊററത്തെപ്പററി വിവരിക്കുന്നു. കോമന്റെ പ്രയാസങ്ങളേറി. ചെക്കനു ഫീസുകൊടുത്തില്ല. പക്കക്കുറിക്കു കാശുകൊടുത്തില്ല. പുതുമഴയേററു പനിപിടിച്ച കുട്ടിക്കു അരിയാറും വാങ്ങിക്കൊടുത്തില്ല. ഇങ്ങനെ കൃഷിനടത്തിപ്പിലുണ്ടായ വിഷമം വളരെ തന്മയത്വത്തോടെ ആഖ്യാനം ചെയ്തിരിക്കുന്നു.

മൂന്നാം ഖണ്ഡത്തിൽ ആടിപ്പേമാരിയുടെ താണ്ഡവമാണ് വർണ്യവിഷയം. ഇരവും പകലും തോരാതെയുള്ള കരിമഴ. തൈനെല്ലുകൾ പോളതുറന്നു നീർമോന്തി. കതിരുകൾ വരുന്നതുനോ

ക്കി കോമൻ പാടത്തു വന്നും പോയും കഴിഞ്ഞുകൂടി. ആടിപ്പിറവിയിലെ ആദ്യത്തെ കോടമഴ ശമിച്ചപ്പോൾ ചുണ്ടുചുകന്ന കതിരുകൾ വിരിഞ്ഞുതുടങ്ങി. കോമൻ കോരിത്തരിച്ചു. കോമന്റെ വീട്ടിൽ ആഹ്ലാദം പൂത്തുലഞ്ഞു. പുത്തരി വെയ്ക്കാനുള്ള ബദ്ധപ്പാട് ആ ഗൃഹാന്തരീക്ഷത്തിൽ ഉത്സാഹം വിതറി.

കോമന്റെ വീടാണ് നാലാം ഖണ്ഡത്തിലെ കാവ്യരംഗം. വിളവെടുപ്പിനെ ചുററിപ്പററി ഒരു സ്വപ്നലോകം വിടരുന്നു. കൊച്ചുമകളെ കൊഞ്ചിച്ചുകൊണ്ട് അച്ഛൻ പറഞ്ഞു:

"പൂ,ത്തൂകേണ്ടൊരു പൊന്നോണത്തിനു
പുത്തനുടുപ്പെൻ കുറിഞ്ഞിക്ക്"

മൂത്തമകൾക്ക് കൊടുത്ത വാക്ക് ഇങ്ങനെയാണ്:

'പൂത്താലിക്കു കൊടുക്കാമിപ്പുകിൽ
ഒന്നു വിളഞ്ഞാൽ...'

മകനു മൂന്നുമാസം ഫീസു കൊടുക്കാനുണ്ട്. എല്ലാ ആഗ്രഹങ്ങൾക്കും കോമൻ കണക്കിട്ടു. വീട്ടുകാരിയുടെ മോഹം 'പുത്തരിക്കുള്ള കലം വേണം' എന്നാണ്. ഇങ്ങനെ ഓണത്തുമ്പിപോലെ ആ കുടുംബത്തിന്റെ പ്രാണൻ പൊൻവെയിലിൽ പാറുമ്പോൾ, പൂത്തിരി കത്തിച്ചപോലെ പാടം കതിർകൊണ്ടു കനം വീണു. ആകാശത്ത് അരിവാളുപോലെ ചന്ദ്രനും പൊങ്ങി, നാട്ടുകാർ പറഞ്ഞു:

'കോമൻ പൂട്ടി വിതച്ചതീപ്പാടം
കോമൻ പൊൻവിളയിച്ചതീപ്പാടം'

അഞ്ചാം ഖണ്ഡം കോടതി ഉത്തരവിനു മുന്നിൽ വിറങ്ങലിച്ചുപോയ ജീവിതത്തിന്റെ ആവിഷ്കാരമാണ്.

'ആരേ കൊയ്ത്തു കഴിച്ചതീയ്യാണ്ടിൽ
കോമൻ വിളയിച്ച പൊന്നാര്യൻ'

കാവ്യാരംഭത്തിലെപ്പോലെ അന്വേഷണത്തിലൂടെയാണ് ഇവിടെയും തുടക്കം. ഒന്നുമുതൽ നാലുവരെ ഖണ്ഡങ്ങളിലൂടെ ചിത്രീകരിച്ച ജീവിതകഥ ഇവിടെ ദുരന്തത്തിലേക്കു പതിക്കുന്നു. ആ പരിണാമത്തിലേക്കു അനുവാചകന്റെ ഭാവുകത്വത്തെ ആവാഹിക്കാൻ തുടക്കത്തിലെ ചോദ്യം കൊണ്ട് കവിക്കു കഴിഞ്ഞിരിക്കുന്നു.

കോമൻ വിളയിച്ച പൊന്നാര്യൻ കൊയ്തത് കോടതിയാമീനും ആൾക്കാരുമാണ്, കോമനല്ല. എന്തേകാരണം? മാനത്തെ വെള്ളം വീഴാതുണങ്ങിപ്പോയ മകരവിള! അക്കുറി ജന്മിക്കു ചെല്ലേണ്ടുന്ന പാട്ടം ബാക്കിയാക്കി. പാട്ടബാക്കിക്കുള്ള ജപ്തിയാണ് ഇപ്പോൾ നടന്നിരിക്കുന്നത് കോടതിക്കുള്ള അധികാരം!

'ഉണ്ണാനുള്ളൊരു ചോറിൽപ്പട്ടികൾ
നിന്നുചിലപ്പതുപോലെ'

പാടം കൊയ്യിക്കുന്ന ആമീനേം ആൾക്കാരെയും കോമൻ കണ്ടു.

ആറാം ഖണ്ഡത്തിൽ കോമന്റെയും കുടുംബത്തിന്റെയും മനസ്സംഘർഷമാണ് പ്രതിപാദിച്ചിട്ടുള്ളത്. കൊയ്ത്തിനു വന്ന പണിക്കാർക്ക് ഉൾപ്പക പത്തിവിടർത്തി ചീററി. നീലിച്ചെറുമി നെഞ്ചത്തടിച്ചു നിലംപൊത്തി. 'കൊയ്യല്ലീവിള മററാരും'. ചെറുകോമൻ കണ്ടത്തിലിറങ്ങി താക്കീതു ചെയ്തു. ചാത്തപ്പൻ തീപ്പുലിപോലെ ചീററിയടുത്തു. കുററിക്കിട്ട ഗജംപോലെ കോമൻ നിന്നു കലിതുള്ളി. അപ്പോഴുണ്ട് പുത്തരിക്കുള്ളരി വെയ്ക്കാൻ വാങ്ങിയ പുത്തൻകലവുമായി കോമന്റെ മൂത്തമകൾ വരുന്നു. കോമന്റെ ഉള്ള് തീക്കരു പൊട്ടിത്തെറിച്ചപോലെയാണ്. അവളും വിദ്വേഷാഗ്നിയിൽ വെണ്ണപോലെ ഉരുകി. ഇത്രുയമായപ്പോൾ ആമീൻ കോടതി ഉത്തരവ് പൊക്കിക്കാണിച്ച് താക്കീതുനൽകി.

കോമൻ ഈ ഖണ്ഡത്തിൽ യാതൊന്നും സംസാരിക്കുന്നതേയില്ല.

ഏഴാം ഖണ്ഡം മുഴുവൻ കവിക്കുണ്ടായ അന്തഃക്ഷോഭത്തിന്റെ ബഹിസ്ഫുരണമാണ്. വിത്തിറക്കി കൃഷി ചെയ്തവൻ നോക്കിനിൽക്കേ ജന്മിത്തം കൊയ്ത്തുനടത്തി. അധികാരം ഒരുപിടി ആൾക്കാർ കയ്യടക്കി വെച്ചിരിക്കുന്നു. വെയ്ക്കുവാനില്ലാത്ത പുത്തൻകലത്തിനു ചുററും അരിവാളുകൾ നിരന്നു. അധികാരത്തിന്മേൽ ഉരച്ചു മൂർച്ചവരുത്താത്ത അരിവാളുകൾ കൊണ്ടെന്തുനേട്ടം? (അധികാരം കയ്യേൽക്കാത്തിടത്തോളംകാലം കമ്മ്യൂണിസ്റ്റാശയങ്ങൾ പ്രാവർത്തി

കമാകില്ലെന്ന അഭിപ്രായം കവിക്കുണ്ടായിരുന്നതായി തോന്നുന്നു) ആക്രമണത്തിനെതിരേ അതാ വരമ്പിൽനിന്നും ഇടിവെട്ടുയരുന്നു.

'അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ'

**ഇതിവൃത്ത പരിണാമം– താരതമ്യം**

| വാഴക്കുല | പുത്തൻകലവും അരിവാളും |
|---|---|
| 1. പ്രത്യേക ഖണ്ഡങ്ങളാക്കിയിട്ടില്ല. ഇതിവൃത്തം ഇടമുറിയുന്നതിനനുസരിച്ച് അടുത്ത ഭാഗമായി കവിത തുടങ്ങുന്ന രീതി അവലംബിച്ചിരിക്കുന്നു. | 1. ഖണ്ഡങ്ങളായി ഇതിവൃത്തം സംവിധാനം ചെയ്തിരിക്കുന്നു. ആകെ എട്ടുഖണ്ഡം. |
| 2.കാവ്യാരംഭം വസ്തുനിർദേശത്തോടെ | 2. ഒരു ചോദ്യത്തോടെയും അന്വേഷണത്തോടെയും കാവ്യാരംഭം. |
| 3. പ്രകൃതിയോടു ബന്ധപ്പെടുത്തി സ്ഥലകാലസൂചന | 3. കൃഷിപ്പണിയുടെ അനുക്രമ വികാസ സൂചനയിലൂടെ കാലപരിവർത്തനം. |
| 4. മോഹങ്ങൾ രൂപം കൊള്ളുന്നത് കുട്ടികളിലാണ്. ചുണ്ടും നാവും വയറും സംതൃപ്തമാക്കണം. അതിനപ്പുറം ഭൗതിക മോഹങ്ങളില്ല. | 4. കഥാനായകനിലൂടെ–കോമൻ മററുള്ളവരുടെ മോഹങ്ങൾ അവതരിപ്പിക്കുന്നു. |
| 5. മോഹങ്ങൾ സംഭാഷണ രൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. വാഴ കുലയ്ക്കുന്നതിനു മുമ്പു തന്നെ മോഹങ്ങൾ പൂവിടുന്നു. വാഴകുലച്ചത് കേന്ദ്രബിന്ദു. | 5. കതിർ വന്നത് കേന്ദ്രബിന്ദു. വയറിന്റെ പ്രശ്നം അവതരിപ്പിക്കുന്നില്ല. കോമന്റെ ഭാഷണത്തിലൂടെ മോഹങ്ങൾ വെളിപ്പെടുന്നു. |
| 6. വാഴക്കുല പഴുപ്പിച്ച് കുട്ടികൾക്കു നൽകണമെന്ന ആശയുടെ തകർച്ച കുലവെട്ടിനുശേഷമേ യാഥാർഥ്യം വെളിവാകുന്നുള്ളൂ. | 6. വിള ജപ്തി– പാടത്തു ചെല്ലുമ്പോൾ മാത്രം കോമനറിയുന്നു. |
| 7. കുലവെട്ട്– യാഥാർഥ്യം അറിയാതെ കുട്ടികൾ തുള്ളിച്ചാടുന്നു. മലയന്റെ ഹൃദയം പൊട്ടി. വാഴക്കുല ജന്മിക്കാണെന്നുള്ള വെളിപ്പെടുത്തൽ ആശാഭംഗം. | 7. കോമന്റെയും കുടുംബത്തിന്റെയും പൊട്ടിത്തെറിക്കൽ കോടതിയുത്തരവിന്റെ മുമ്പിൽ നിസ്സഹായരായ കുടുംബം. |
| 8. വ്യവസ്ഥിതിയോട് കവിക്കുള്ള പ്രതികരണം. | 8. വ്യവസ്ഥിതിയോട് കവിക്കുള്ള പ്രതികരണം. |

റൊമാന്റിക് സ്വഭാവങ്ങൾ ആവേശപൂർവം ഉന്മിഷത്താക്കിയ പ്രതിഭയ്ക്കു ഉടമയായിരുന്ന ചങ്ങമ്പുഴയുടെ നല്ല ഭാവഗീതങ്ങളിലൊന്നാണ് 'വാഴക്കുല'. ജീവിതയാഥാർഥ്യങ്ങളെക്കുറിച്ചു കവി ബോധവാനാണെങ്കിലും ഭാവനയുടെ വിലോലതന്ത്രികൾ മീട്ടിക്കൊണ്ടേ അവയെക്കുറിച്ചും കവിക്കു പാടാനായിരുന്നുള്ളു. കടുപ്പിച്ച് താനൊന്നും പറഞ്ഞില്ലല്ലോ എന്ന ബോധം വരുമ്പോഴാണ് എങ്ങും തൊടാതെ തത്ത്വചിന്തകളും ആഹ്വാനങ്ങളും അമർഷങ്ങളും പ്രകടിപ്പിക്കുന്നത്. കവിതയുടെ അവിച്ഛിന്നധാരയ്ക്ക് അലോസരം വരാത്ത വിധത്തിൽ അത്തരം ചിന്തകളെ ആവിഷ്കരിക്കാൻ ചങ്ങമ്പുഴയുടെ അതിഭാവുകത്വമാർന്ന കാല്പനിക മനസ്സിനു കഴിഞ്ഞിരുന്നില്ല. ഭാവഗീതത്തിന്റെ ശക്തിയും ദൗർബല്യവും ഏകത്ര സമ്മേളിക്കുന്ന കാവ്യമെന്ന മെച്ചം 'വാഴക്കുല'യ്ക്കാണുള്ളത്. ശക്തിയും നിപുണതയും ആ കവിതയിൽ സമ്മേളിച്ചിട്ടുണ്ട്. ഇടശ്ശേരിയുടെ 'പുത്തൻ കലവും അരിവാളും' കയ്പും മധുരവുമുള്ള ഒരു കഷായമാണ്. ചങ്ങമ്പുഴയുടെ 'വാഴക്കുല' നുണഞ്ഞിറക്കാവുന്ന ഒരു ഹോമിയോപ്പതി ഗുളികയും. വിലോല ശബ്ദങ്ങൾ ഉണർത്തുന്ന അനുരണനവും പരുക്കനും ദൃഢവുമായ ശബ്ദങ്ങൾ സൃഷ്ടിക്കുന്ന അനുരണനവും തമ്മിലുള്ള വ്യത്യാസം ആണ് ഇക്കവിതകൾക്കു തമ്മിലുള്ള ഭാവഭിന്നത.

ജീവിതത്തിന്റെ ദൈന്യത 'വാഴക്കുല'യിലുണ്ട്. 'പുത്തൻ കലം' ദൈന്യതയിലല്ല, അവകാശ ബോധത്തിലാണ് വേരൂന്നിയിരിക്കുന്നത്.

**ആഖ്യാനതന്ത്രം**

ആഖ്യാനത്തിന്റെ രീതികൾ ആഖ്യാതാവിനെ ആശ്രയിച്ചിരിക്കുന്നു. പറയുന്ന രീതി സവിശേഷരൂപം കൈക്കൊള്ളുമ്പോൾ ആ പറച്ചിൽ കലയായി പരിണമിക്കുന്നു. ആഖ്യാതാവ്, പരിപ്രേക്ഷ്യം പറയുന്നവിധം എന്നിങ്ങനെ മൂന്നു ഘടകം ചേരുമ്പോഴാണ് ആഖ്യാനമാവുക. ആഖ്യാനരീതിയാണ് മൂന്നാം ഘടകം. ആഖ്യാനം ആഖ്യാതാവിന്റെ നേരിട്ടുള്ള ഭാഷണരൂപത്തിലാകാം. അല്ലെങ്കിൽ കഥാപാത്രങ്ങളിലൂടെയുള്ള ആഖ്യാനമാകാം; അവിടെ ആഖ്യാതാവ് മറഞ്ഞിരിക്കും.

'വാഴക്കുല'യിലെ ആഖ്യാനം രണ്ടുവിധത്തിലാണ്. ആഖ്യാതാവിന്റെ നേരിട്ടുള്ള ആഖ്യാനമാണ് പ്രധാനമായും ഉള്ളത്. കഥാപാത്രങ്ങളിലൂടെയുള്ള ആഖ്യാനം കുട്ടികളുടെ സംഭാഷണം ഘടിപ്പിച്ചിരിക്കുന്ന സന്ദർഭത്തിലാണ് ചങ്ങമ്പുഴ സ്വീകരിച്ചിട്ടുള്ളത്. ആഖ്യാനമികവിന്റെ തെളിമ ഓളംവെട്ടുന്ന കാവ്യഭാഗമാണിത്.

'പറയുന്നു മാതേവൻ- 'ഈ ഞാലിപ്പൂവന്റെ
പഴമെത്ര സാദൊള്ളതായിരിക്കും' എന്നു തുടങ്ങി
'ദുരമൂത്ത മറുതേ, നിൻ തൊടയിലെത്തൊലിയന്നി-
ക്കരുവള്ളോനിരിയണോരുരിയൽ കണ്ടോ...' എന്നുവരെ മലയാള ഭാഷയിൽ അത്ര പതിവില്ലാത്ത 'അന്വാഖ്യാനരീതിയെ' ചങ്ങമ്പുഴ ഇവിടെ സന്നിവേശിപ്പിച്ചിരിക്കുന്നു. നീലിയുടെ പരിഭവം പറച്ചിലിൽ ജീവിതത്തിന്റെ ഇല്ലായ്മകളും വല്ലായ്മകളും ഘനീഭവിച്ചു നിൽക്കുന്നു. 'അന്നച്ചനതരി വാങ്ങാൻ വല്ലോർക്കും വെട്ടിവിക്കും.' 'കരുനാക്കുകൊണ്ടൊന്നും പറയാതെടി മൂശേട്ടേ' എത്ര ഭാവധ്വനനമായ വാക്കുകൾ! നിത്യവൃത്തിക്കുവേണ്ടി പണിയായുധങ്ങൾ പോലും പണയം വെയ്ക്കുകയോ വിൽക്കുകയോ ചെയ്യുന്ന ജീവിതത്തിന്റെ ദൈന്യതയെ ഇതിലും തീക്ഷ്ണമായി അവതരിപ്പിക്കാനാവില്ല. വാക്കുകൾക്ക് അറം പററിയതുപോലെ, വാഴക്കുല കുട്ടികൾക്കു പഴുപ്പിച്ചു തിന്നാൻ കഴിഞ്ഞില്ല; അത് തമ്പുരാന്റെ വീട്ടിലെത്തിക്കേണ്ട ഗതികേടിലേക്ക് കൂപ്പുകുത്തി!

കുട്ടികളുടെ സംഭാഷണത്തിലൂടെ അവരുടെ ഭാവവർണനയിലൂടെ സഫലമായ ഈ ആഖ്യാനതന്ത്രം കുലവെട്ടാൻ മലയൻ തയാറെടുക്കുന്ന വേളയിൽ കുട്ടികളുടെ ഭാവഹാവാദികൾ പറയാനും കവി ഉപയോഗിക്കുന്നു.

'കരുവള്ളോൻ നീലിക്കൊരുമ്മ കൊടുക്കുന്നു' എന്നു തുടങ്ങി

'തെരുതെരെ കൈകൊട്ടിത്തുള്ളിക്കളിക്കുന്നു' എന്നുവരെ. ഇവിടെയൊക്കെ ഔചിത്യഭാസുരതയോടെ തന്റെ കവനശക്തി ചങ്ങമ്പുഴ കാഴ്ചവക്കുന്നു. സ്വതേ വാചാലനായ ചങ്ങമ്പുഴ ഒരൊററ സന്ദർഭത്തിൽ മാത്രമാണ് മലയപ്പുലയനെക്കൊണ്ടു സംസാരിപ്പിക്കുന്നത്. അതും ഏററവും മിതവും സാരവത്തുമായ രീതിയിൽ-

'കരയാതെ മക്കളേ... കൽപ്പിച്ചു... തമ്പുരാൻ...
ഒരു വാഴവേറെ... ഞാൻ കൊണ്ടുപോട്ടെ'

ക്ളേശങ്ങൾ നേരിട്ടനുഭവിക്കുന്ന സ്വത്വം, ക്ളേശത്താൽ പീഡിതമായ സ്വത്വം എന്നു വിശേഷിപ്പിക്കാവുന്ന ഒരു കാൽപ്പനിക ഭാവമാണ് ചങ്ങമ്പുഴയ്ക്കുണ്ടായിരുന്നത്. ഇക്കാര്യത്തിൽ അദ്ദേഹത്തിന് മുൻഗാമികളോ പിൻഗാമികളോ ഇല്ല. വാഴക്കുലയിലെ ചിത്രീകരണങ്ങൾക്ക് ഇവ അണയ്ക്കുന്ന ഭാവബന്ധുരതയുണ്ട്. കാവ്യധാരയിൽ എടുത്തടിച്ചു നിൽക്കുന്ന പ്രസ്താവനകൾ പോലും ഈ അവസ്ഥയിൽ ന്യായീകരിക്കാവുന്നതാണ്.

**പുത്തൻകലവും അരിവാളും- ആഖ്യാനതന്ത്രം**

ആഖ്യാതാവിന്റെ നേരിട്ടുള്ള വിവരണത്തിനാണ് ഈ കാവ്യത്തിൽ പ്രാമുഖ്യമുണ്ടായത്. കഥാപാത്രങ്ങളിലൂടെയുള്ള ആഖ്യാനം നാലാം ഖണ്ഡത്തിൽ കാണാം. കോമന്റെ വാക്കുകൾ ഒരു സ്വപ്നലോകം തുറക്കുന്നു. മൂത്തമകളുടെയും അമ്മയുടെയും പ്രതികരണങ്ങൾ കാവ്യസന്ദർഭത്തിനു മാററുകൂട്ടുന്നു.

'പൂ,ത്തൂകേണ്ടൊരു പൊന്നോണത്തിനു
പുത്തനുടുപ്പെൻ കുറിഞ്ഞിക്ക്'
'പൂത്താലിക്കു കൊടുക്കാമിപ്പുകിൽ
പൊന്നുവിളഞ്ഞാൽ....

'ഞാനതു കൊണ്ടൊന്നുമല്ല്'... (മൂത്തമകളുടെ പ്രതികരണം)
'പുത്തരിക്കുള്ള കലം വേണം' (അമ്മയുടെ ആവശ്യം)
നാട്ടുകാരോടൊപ്പം വഴിപോക്കരും 'പുത്തൻകലവും അരിവാളും' എന്ന കവിതയിലെ ആഖ്യാതാക്കളാണ്-
'ആരേ പോയ പുകിൽക്കിപ്പാട-
ത്തരിമയോടാരിയൻ വിത്തിട്ടു' (ഖണ്ഡം 1)
'കോമൻ പൂട്ടിവിതച്ചതിപ്പാടം
കോമൻ പൊൻവിളയിച്ചതിപ്പാടം' (ഖണ്ഡം 4)
പാടം കൊയ്യിക്കുന്ന ആമീന്റെ നടപടികണ്ട് പൊട്ടിത്തെറിച്ച് ചെറുകോർമനാണ്.
'കൊയ്യല്ലീ വിള മററാരും' (ഖണ്ഡം 6)
'കൽപനയുണ്ടു, കളിക്കേണ്ട...' (ആമീന്റെ പ്രതികരണം)
മനുഷ്യർമാത്രമല്ല 'പുത്തൻകലവും അരിവാളും' കൂടി ഭാഷകരാണ്. ഇടിവെട്ടുപോലൊരു ശബ്ദഘോഷം അവ രണ്ടും ചേർന്ന് ഉണ്ടായി.
'അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ'
കഥാപാത്രങ്ങളുടെ സംഭാഷണത്തിനിടയിലും കവി എന്ന ആഖ്യാതാവ് വിശദീകരണങ്ങളുമായി ഇടപെടുന്നുണ്ട്. വാഴക്കുലയിലെ സംഭാഷണ ഭാഗങ്ങളിൽ ഇത്തരം ഇടപെടലുകളില്ല. ഇതിവൃത്ത ബാഹ്യമായ കഥാപാത്രങ്ങളുടെ ഇടപെടലുകൾ 'പുത്തൻ കലവും അരിവാളും' അനുവദിക്കുമ്പോൾ 'വാഴക്കുല'യിൽ ഇതിവൃത്തബാഹ്യമായ കഥാപാത്രങ്ങൾ വരുന്നില്ല.

**ആവർത്തനമെന്ന ആഖ്യാനതന്ത്രം**

ഒരു ഭാവത്തിന്റെ വിവരണമോ സംഭാഷണമോ ആവർത്തിക്കുന്ന ആഖ്യാനതന്ത്രം ചങ്ങമ്പുഴയുടെ 'വാഴക്കുല'യിൽ പരീക്ഷിച്ചിട്ടുണ്ട്.
'കുലവെട്ടി- മോഹിച്ചുമോഹിച്ചു ലാളിച്ച
കൗതുകത്തിൻ പച്ചക്കഴുത്തുവെട്ടി
കുലവെട്ടി- ശൈശവോല്ലാസകപോതത്തിൻ
കുളിരൊളിപ്പൂവൽ കഴുത്തുവെട്ടി-
ഈ ആവർത്തനങ്ങൾ കാവ്യസന്ദർഭത്തിലെ വൈകാരികാംശത്തിന്റെ തീവ്രതയ്ക്ക് ആക്കം വർധിപ്പിച്ചിട്ടുണ്ട്.
'കുലതോളിലേന്തി പ്രതിമയെപ്പോലവൻ
കുറെനേരമങ്ങനെ നിന്നുപോയി!'
എന്ന അവസ്ഥ തന്നെ,
'കുലതോളിലേന്തി പ്രതിമപോലങ്ങനെ
മലയനാമുററത്തു നിന്നുപോയി.'
എന്നിപ്രകാരം വീണ്ടും കവി ബോധപൂർവം കുറിച്ചിരിക്കുന്നതും ഭാവോന്മീലനത്തിനു സഹായകമാണ്.
'അവശന്മാരാർത്തന്മാരാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?
എന്ന വരി കാവ്യാവസാനത്തിലും വരുന്നുണ്ട്. ഇങ്ങനെ വരികൾ, ക്രിയാപദങ്ങൾ വിശേഷണങ്ങൾ എന്നിവ ആവർത്തിച്ചു പ്രയോഗിക്കുന്ന ശൈലീവിശേഷം പാട്ടിനോട് ചങ്ങമ്പുഴയ്ക്കുള്ള വൈകാരികഭ്രമത്തിന്റെ ഫലമാണെന്നുപറയാം.
ഇടശ്ശേരിയുടെ ആഖ്യാനതന്ത്രത്തിലും ആവർത്തനത്തിന്റെ ശക്തി പരീക്ഷിച്ചിട്ടുണ്ട്.
'അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ'
ഈ ഈരടി മാത്രമേ 'പുത്തൻ കലവും അരിവാളും' ആവർത്തിച്ചിട്ടുള്ളൂ. വാക്കുകളുടെ ആവർത്തനം പ്രധാനമായും ഇടശ്ശേരിയുടെ കാവ്യശൈലിക്കു എടുത്തുപറയാവുന്ന ഒരു വിശേഷമാണ്.

'കോമനുഴുതുമറിച്ച പാടം
കോമൻ വിതച്ചു പൊന്നാര്യൻ
വിത്തിനു വെച്ചതും തീർന്നേപോയ്, തന്റെ
കൊററിനു വെച്ചതും തീർന്നേപോയ്
അരമുഴം വാങ്ങീല പുൽച്ചേരി
അരമുഴം നീങ്ങീല പുൽച്ചേരി
കോമൻ പൂട്ടിവിതച്ചതിപ്പാടം
കോമൻ പൊൻ വിളയിച്ചതിപ്പാടം'

മലയാളിക്കു പാട്ടിനോടുള്ള വൈകാരിക ബന്ധം ഓർത്ത് കവി ഇങ്ങനെ എഴുതാനുള്ള സാധ്യത തുലോം കഷ്ടിയാണ്. ഗാനാത്മകതയോട് ആഭിമുഖ്യമുണ്ടെങ്കിലും ബോധപൂർവം വരുത്താറുള്ള ഒരിടർച്ച ഇടശ്ശേരിയുടെ ഏത് ഈണത്തിലും കാണാം. നാടൻ വായ്ത്താരിയുടെ ശക്തിയെ ആവാഹിക്കാനുള്ള തന്ത്രത്തിന്റെ ഭാഗമാണിത്.

### കവിപക്ഷം

'പുത്തൻ കലവും അരിവാളും' എഴുതിയ കവി കർഷകപക്ഷത്തോ ജന്മിപക്ഷത്തോ നിൽക്കുന്നത്? 'വാഴക്കുല'യെ സംബന്ധിച്ചിടത്തോളം ചങ്ങമ്പുഴ മലയപ്പുലയന്റെ പക്ഷത്താണെന്ന് വ്യക്തമാണ്. ഇടശ്ശേരിയുടെ പക്ഷത്തെപ്പററി അങ്ങനെയൊരു തീർപ്പുപറയാൻ വരട്ടെ. കോമൻ ഉഴുതു വിതച്ച പാടം കോമൻ വിളയിച്ച പാടം അയാൾക്കു വിളവെടുക്കുവാൻ സാധിച്ചില്ല. കോമൻ ഉഴുതതും വിതച്ചതും സ്വന്തം നിലത്തിലല്ല. അയാൾ പാട്ടത്തിനെടുത്ത വസ്തുവാണ്. മകരവിള നശിച്ചുപോയതിനാൽ പാട്ടക്കുടിശിക വന്നു. അടുത്ത പുതുവൽ വിളവെടുപ്പായപ്പോൾ പാട്ടക്കുടിശ്ശിക കിട്ടുന്നതിനായി ജന്മി കോടതിയെ സമീപിച്ചു. കോടതി നിയമവശം നോക്കി, വിള ജപ്തിചെയ്യാൻ ഉത്തരവിട്ടു. ആമീൻ അതു നടപ്പിലാക്കി. ഇവിടെ ഇടശ്ശേരിയുടെ നിൽപ് നിയമത്തോടൊപ്പമോ മനുഷ്യത്വത്തോടൊപ്പമോ? ഒരു ആധാരമെഴുത്തുകാരൻ കടമകൾ ചെയ്യുന്നത് പ്രശ്നത്തിലെ മാനുഷികപരിഗണനകൾ വെച്ചല്ല. അന്യായമെന്നറിഞ്ഞു കൊണ്ടുതന്നെ ഇടശ്ശേരി എത്ര ജപ്തികൾക്ക് അപേക്ഷ തയാറാക്കി കൊടുത്തിട്ടുണ്ടാകാം? ഒന്നുമില്ലാതെ വരാൻ സാധ്യതയില്ല. 'പുത്തൻകലവും അരിവാളും' ഉണർത്തുന്ന സാമൂഹിക പ്രശ്നത്തിന്റെ ന്യായാന്യായങ്ങൾ നിയമത്തിന്റെ ദൃഷ്ടിയിൽ വിമർശനീയമേ അല്ല. ഈ കവിതയിൽ ഇടശ്ശേരി ആരുടേയും പക്ഷത്തല്ല. കോമൻ അധ്വാനിച്ചുണ്ടാക്കിയ മുതലാണ്. അതു കയ്യാളുന്നത് ക്രൂരമാണ്. പക്ഷേ, ജന്മിക്കും അവകാശങ്ങളില്ലേ? അപ്പോൾ ഉണ്ടാകേണ്ടത് ഇതാണ്. മാനുഷിക പരിഗണകൾക്കു കൂടി ഇടം കിട്ടുംവിധം നിയമങ്ങൾ പൊളിച്ചെഴുതുക. അതിനു വേണ്ടത് അധികാരം നേടലാണ്. പുലയന്റെ ദൈന്യത ചങ്ങമ്പുഴയുടെ ദൈന്യതയാണ്. 'പുത്തൻ കലവും അരിവാളും' അവതരിപ്പിക്കുന്ന പ്രമേയത്തിന് ഈ ആത്മനിഷ്ഠത ഇല്ല. നേരിയ നൊമ്പരമായി മലയൻ അനുവാചക മനസ്സിൽ ജീവിക്കുമ്പോൾ, കോമൻ പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നത്തിന്റെ പ്രതിനിധി എന്നതിനപ്പുറം മനസ്സിൽ നിലനിൽക്കുന്നില്ല. 'ഒരുപിടി കൊള്ളക്കാർ കരുതിവെച്ചുള്ളതാമധികാരം' കൊയ്തെടുക്കാൻ ഇടശ്ശേരി ആഹ്വാനം ചെയ്യുന്നു. 'നിരുപാധി കോഗ്രനിയമഭാരം' ഇല്ലാതാക്കാൻ പതിതരുടെ പിൻമുറക്കാർ വരുമെന്ന് ചങ്ങമ്പുഴ പ്രതീക്ഷിക്കുന്നു. ഇതിൽ ഏതാണ് ഇവിടെയുണ്ടായത്?